# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :1060

12-07-2016 ൽ മറുപടിയ്ക്ക്

## നെൽകൃഷി ഉത്പാദനത്തിനും ഉത്പാദന വർദ്ധനവിനും പദ്ധതി

**ചോദ്യം**
ശ്രീ.കെ.വി.വിജയദാസ്
ശ്രീ.എം. രാജഗോപാലൻ
ശ്രീമതി. യു. പ്രതിഭാ ഹരി
പ്രൊഫ.കെ.യു. അരുണൻ

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഭക്ഷ്യവിള കൃഷിയിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കുന്നതിന് ഏതെങ്കിലും പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശം ഉണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. പച്ചക്കറി കൃഷിയിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കുക എന്ന ലക്ഷ്യം മുൻ നിർത്തി സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കുന്നുണ്ട്. പച്ചക്കറി ഉൽപ്പാദനത്തിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കുന്നതിന്റെ ഭാഗമായി 50,000 ഹെക്ടർ സ്ഥലത്തേക്ക് കൂടി പച്ചക്കറി കൃഷി വ്യാപിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. പുരയിടങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, അർബൻ ക്ലസ്റ്റർ പ്രോത്സാഹനം, വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി, ജില്ലാ ക്ലസ്റ്റർ വികസനം, 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള വികസന സഹായം, സൂക്ഷ്മ മൂലകങ്ങളുടെ പ്രദർശനം, ബ്ലോക്ക് തല ഫെഡറേറ്റഡ് സമിതികൾ, നഴ്സറികളുടെ സ്ഥാപനം, മഴ മറകൾ, സൂക്ഷ്മ ജലസേചനവും ജലസേചനം വഴിയുള്ള വള പ്രയോഗവും തുടങ്ങിയ പദ്ധതികൾ 2016-17-ൽ നടപ്പിലാക്കുന്നുണ്ട്. |
| (ബി) | നെൽകൃഷി ഉത്പാദനത്തിനും ഉത്പാദന വർദ്ധനവിനും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ തരിശ് കിടക്കുന്ന കൃഷിയോഗ്യമായ തരിശു നിലങ്ങളും കായൽ പ്രദേശങ്ങളും നെൽകൃഷിക്ക് ഉപയുക്തമാക്കി 5 വർഷം കൊണ്ട് സംസ്ഥാനത്തിലെ നെൽകൃഷി വിസ്തീർണ്ണം നിലവിലുള്ള 1.94 ലക്ഷം ഹെക്ടറിൽ നിന്നും 3 ലക്ഷം ഹെക്ടറാക്കുവാൻ ഉദ്ദേശിക്കുന്നു. നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കിവരുന്നു.<br>1. സുസ്ഥിര നെൽകൃഷി വികസന പദ്ധതി.<br>2. വികസന ഏജൻസികൾക്കുള്ള ധനസഹായം.<br>3. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിയ്ക്കുള്ള പ്രോൽസാഹനം .<br>4. പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി.<br>5. കരനെൽകൃഷി വികസനം.<br>6. നെൽകൃഷി ഉൽപ്പാദന ബോണസ് (നോൺ പ്ലാൻ).<br>7. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ).<br>8. ഒരുപ്പൂകൃഷി ഇരുപ്പൂകൃഷി യാക്കിമാറ്റുന്നതിനുള്ള നടപടികൾ. |
| (സി) | നെല്ലിന്റെ ഉത്പാദന ചെലവിലുണ്ടാകുന്ന വർദ്ധനവിന് ആനുപാതികമായി സംഭരണ വില വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വിളയിറക്കാനായി ഹ്രസ്വകാല പലിശരഹിത വായ്പ നൽകുന്നതു പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | നെൽകൃഷിയുടെ ഉല്പാദന ചെലവ് വർദ്ധിച്ചുവരുന്നതു മൂലം സംസ്ഥാന സർക്കാർ നെല്ലിന്റെ സംഭരണ വില ഉയർത്തി നൽകി വരുന്നു. കേന്ദ്ര സർക്കാർ നെല്ലിന് നൽകിവരുന്ന താങ്ങുവില (കിലോഗ്രാമിന് 14.70 രൂപ) കേരളത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം കുറവായതു കൊണ്ടാണ് സംസ്ഥാന സർക്കാർ ഉയർന്ന നിരക്കിൽ നെല്ല് സംഭരിക്കുന്നത്. കിലോഗ്രാമിന് 21.50 രൂപയാണ് നിലവിലുള്ള സംഭരണ വില. വിളയിറക്കാനായി ഹ്രസ്വകാല പലിശരഹിത വായ്പ നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ